# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **716** **10.02.2016**-ൽ മറുപടി നൽകേണ്ടിയിരുന്നത്

**'ആർ. സി. സി.-യിലെ നിയമനം പി. എസ്. സി. -യ്ക്ക് വിടുന്നതിനുള്ള നടപടി '**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പി.വിൻസെൻറ് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആർ. സി. സി.-യിലെ നിയമനം പി. എസ്. സി. -യ്ക്ക് വിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ഇക്കാര്യം വിശദമായ പരിശോധനക്ക് ശേഷമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ |
| (ബി) | ആർ. സി. സി.-യിലെ രോഗികളുടെ ചികിത്സേതര ആവശ്യങ്ങൾക്ക് സഹായകമാകുവാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; | (ബി) | വാർഡിൽപ്രവേശിപ്പിച്ചിരിക്കുന്ന 200-ൽപരം നിർധനരായ രോഗികൾക്ക് പൊതു ജനങ്ങളിൽ നിന്നുള്ള സംഭാവനകളുടെ സഹായത്തോടെ നിത്യേന സൗജന്യ ഭക്ഷണം നൽകി വരുന്നു.<br>രോഗികൾക്കും കൂട്ടിരിപ്പിനുള്ള ഒരാളിനും വീട്ടിൽ നിന്നും വരുന്നതിനും തിരിച്ച് പോകുന്നതിനുമുള്ള റയിൽവേ കൺസഷൻ പാസ്സ് നൽകുന്നു.<br>കുട്ടികളുടെ വിഭാഗത്തിൽ ചികിത്സയിലിരിക്കുന്ന രോഗികൾക്ക് ദീർഘകാലം ചികിത്സ ആവശ്യമുങ്കെിൽ ആശുപത്രിയ്ക്ക് പുറത്തു താമസിക്കുന്നതിനായി ഏകദേശം 20 കുട്ടികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും ഹോം എവേ ഫ്രം ഹോം എന്ന ഒരു പദ്ധതി വഴി താമസ സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (സി) | ആർ. സി. സി.-യിൽ സ്തനാർബുദം, ശസ്ത്രക്രിയ എന്നീ വിഭാഗങ്ങളുടെ ഒ.പി. പ്രവർത്തിക്കുന്ന ഭാഗത്ത് രോഗികൾക്ക് തിങ്ങി നിറഞ്ഞു നിൽക്കേണ്ട അവസ്ഥയുള്ള വിവരം | (സി) | ഒ.പി വിഭാഗങ്ങൾക്കായി ആർ.സി.സിയിൽ നിർമ്മാണം പൂർത്തിയായി വരുന്ന പത്തു നില കെട്ടിടത്തിൽ കൂടുതൽ സൗകര്യം |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | | ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ഇപ്പോൾ ഒ.പി വിഭാഗത്തിൽ അനുഭവിച്ചു വരുന്ന സ്ഥലപരിമിതിയ്ക്ക് പരിഹാരമാവുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**